# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2154

07-07-2015-ൽ മറുപടിക്ക്

### ഗെയ്‌ലിന്റെ പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഗെയിലിന്റെ പൈപ്പ് ലൈൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | (എ) പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. എറണാകുളം, മലപ്പുറം ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്. വെൽഡിംഗ് കഴിഞ്ഞ് ഉപരിതലത്തിൽ 32 കിലോമീറ്റർ ദൂരത്തിൽ കിടക്കുന്ന പൈപ്പുകൾ ഭൂമിക്കടിയിലേക്ക് നിക്ഷേപിക്കുവാനായി 11/06/2015 ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) എത്ര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്നും കേരളത്തിൽ എത്ര കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുമെന്നും ഏതെല്ലാം ജില്ലകളിലൂടെയാണ് പൈപ്പ്ലൈൻ കടന്നു പോകുന്നതെന്നും വിശദമാക്കുമോ ; | (ബി) ആകെ 879.24 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് GAIL ന്റെ കൊച്ചി-കൂറ്റനാട്-മാംഗ്ലൂർ-ബാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി. കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം , കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിൽ കൂടി 505 കിലോമീറ്റർ ദൂരത്തിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |

(സി) കേരളത്തിൽ എവിടെ മുതൽ എവിടെ വരെ എത്ര കിലോമീറ്റർ പൈപ്പ് ലൈൻ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനകം എറണാകുളം, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.693 കിലോമീറ്റർ ദൂരം പൈപ്പ് ലൈനുകൾ ഭൂമിക്കടിയിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനെതിരെ പല സ്ഥലത്തും ഉണ്ടായ ജനങ്ങളുടെ പ്രതിഷേധവും ആശങ്കകളും ഇതിനകം പരിഹരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഭൂമി വിട്ടു നൽകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ഭൂവുടമകളുമായുള്ള തർക്കങ്ങൾ പരിഹരിച്ചോയെന്നും എവിടെയെല്ലാമാണ് തർക്കങ്ങൾ നിലനിൽക്കുന്നതെന്നും വിശദീകരിക്കുമോ ;

(ഡി) & (ഇ) പൈപ്പ് ലൈനിന്റെ സുരക്ഷിതത്വത്തെപ്പറ്റിയുള്ള ആശങ്കയും, നഷ്ടപരിഹാരത്തുക സംബന്ധിച്ച തർക്കവുമാണ് പദ്ധതിയ്ക്കെതിരെ ഉയർന്നിട്ടുള്ള ജനകീയ പ്രക്ഷോഭ സമരങ്ങൾക്ക് ആധാരമായിട്ടുള്ളത്. പൈപ്പ് ലൈനിന്റെ സുരക്ഷയെപ്പറ്റി ജനങ്ങളുടെ മനസ്സിലുടലെടുത്തിട്ടുള്ള ആശങ്ക അടിസ്ഥാനരഹിതമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ സർക്കാർ വകുപ്പുകൾ വിവിധ NGO കൾ മുഖേനയും, GAIL അധികൃതർ നേരിട്ടും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതോടൊപ്പം പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ വിതരണം ചെയ്തും, എഫ്.എം. റേഡിയോയിലെ പരസ്യങ്ങളിലൂടെയും പദ്ധതികൊണ്ട് സംസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അവബോധം വളർത്തുവാനും ശ്രമിക്കുന്നുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ GAIL ന് നൽകേണ്ടതുള്ളൂ.

ആയതിനാൽ P & MP Act ലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയുടെ ന്യായവിലയുടെ 10% മാത്രമാണ് നഷ്ടപരിഹാരതുകയായി ഭൂഉടമയ്ക്ക് GAIL നൽകേണ്ടത്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം, സ്ഥല ദൗർലഭ്യം തുടങ്ങിയവ പരിഗണിച്ചും ജനകീയ പ്രക്ഷോഭങ്ങൾ കണക്കിലെടുത്തും നഷ്ടപരിഹാരതുക ഭൂമിയുടെ ന്യായ വിലയുടെ 50% വരെ വർദ്ധിപ്പിച്ച് നൽകുവാൻ GAIl സന്നദ്ധത അറിയി ച്ചിട്ടുണ്ട്. കൂടാതെ നഷ്ടപ്പെടുന്ന ഫലവൃക്ഷാദികൾക്ക് സർക്കാർ നിശ്ചയിച്ചി ട്ടുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | തർക്കങ്ങൾ പരിഹരിച്ച സ്ഥലത്ത് നടപ്പാക്കിയ പാക്കേജിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (എഫ്) | തർക്കം പരിഹരിച്ച സ്ഥലത്ത് പ്രത്യേക പാക്കേജ് ഒന്നും നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ